# നോമ്പുകാലം
## വചന വിചിന്തനം
### നോമ്പുകാലം : ഏഴാം ഞായർ
### മത്താ 21,1–17

"യേശുവിനു മുമ്പിലും പിമ്പിലും നടന്നിരുന്ന
ജനങ്ങൾ ആർത്തു വിളിച്ചു:
ദാവീദിന്റെ പുത്രനു ഹോസാന!
കർത്താവിന്റെ നാമത്തിൽ വരുന്നവൻ അനുഗൃഹീതൻ!
ഉന്നതങ്ങളിൽ ഹോസാന!" (മത്താ 21,9)

*"കഴുതപ്പുറത്തെഴുന്നുള്ളുന്ന രാജാവ് സാമാധാനപ്രിയനും, മറ്റുള്ളവർക്ക് ജീവനുണ്ടാകുനാനും അത് സമൃദ്ധമായുണ്ടാകുവാനും ജീവൻ ബലിയർപ്പിക്കാനും തയ്യാറാണ്. എന്നാൽ, കുതരപ്പുറത്തെഴുന്നുള്ളുന്ന രാജാവ് യുദ്ധപ്രിയനും, അധികാരം കൈയ്യാളാൻ മറ്റുള്ളവരെ കുരുതികൊടുക്കുവാനും തയ്യാറാണ്!"*

**ഒന്നും സ്ഥായിയല്ല! ഓശാനദിനം ഹോസാന പാടിയവർ ദുഃഖവെള്ളിയാഴ്ച്ച അവനെ ക്രൂശിക്കുക എന്ന് വിളിച്ച് പറഞ്ഞു!**

ചരിത്രം പഠിപ്പിക്കുന്ന വലിയ പാഠങ്ങളിലൊന്ന്, കഴുതപ്പുറത്തെഴുന്നുള്ളുന്ന രാജാവ് സാമാധാനപ്രിയനും, മറ്റുള്ളവർക്ക് ജീവനുണ്ടാകുവാനും അത് സമൃദ്ധമായുണ്ടാകുവാനും സ്വജീവൻ ബലിയർപ്പിക്കാനും തയ്യാറാണ് എന്നുള്ളതാണ്. എന്നാൽ, കുതരപ്പുറത്തെഴുന്നുള്ളുന്ന രാജാവ് യുദ്ധപ്രിയനും, അധികാരം കൈയ്യാളാൻ മറ്റുള്ളവരെ കുരുതി കൊടുക്കുവാനും തയ്യാറാണ് എന്നുള്ളതാണ്. ക്രിസ്തു തന്റെ ജറുസലേമിലേയ്ക്കുള്ള രാജകീയ പ്രവേശനത്ത് കഴുതയെ തിരഞ്ഞെടുത്തപ്പോൾ തന്റെ സമകാലീനകരും തനിക്ക് മുമ്പുള്ള രാജാക്കൻമാരും തങ്ങളുടെ അധികാരം ഉറപ്പിക്കുന്നതിന് കുതിരപ്പുറത്ത് വന്നത് അവന്റെ കൺമുമ്പിലൂടെ കടന്നുപോയിട്ടുണ്ടാകണം.

"...ജ്ഞാനികൾ തന്നെ കബളിപ്പിച്ചെന്നു മനസ്സിലാക്കിയ ഹേറോദേസ് രോഷാകുലനായി. അവരിൽനിന്നു മനസ്സിലാക്കിയ സമയമനുസരിച്ച് അവൻ ബേത്‌ലെഹെമിലെയും സമീപപ്രദേശങ്ങളിലെയും രണ്ടും അതിൽ താഴെയും വയസ്സുള്ള എല്ലാ ആൺകുട്ടികളെയും ആളയച്ചു വധിച്ചു. ഇങ്ങനെ, ജറെമിയാപ്രവാചകൻ വഴി അരുളിച്ചെയ്യപ്പെട്ടതു പൂർത്തിയായി: റാമായിൽ ഒരുസ്വരം, വലിയ കരച്ചിലും മുറവിളിയും. റാഹേൽ സന്താനങ്ങളെക്കുറിച്ചു കരയുന്നു. അവളെ സാന്ത്വനപ്പെടുത്തുക അസാധ്യം. എന്തെന്നാൽ, അവൾക്കു സന്താനങ്ങൾ നഷ്ടപ്പെട്ടിരിക്കുന്നു..." (മത്താ 2,16–18).

കർത്താവ് നടത്തുന്ന ഏറ്റവും ശക്തമായ പ്രഭാഷണങ്ങളിലൊന്ന് "ഫലത്തിൽനിന്നു വൃക്ഷത്തെ അറിയുക" എന്ന പേരിൽ വി.ലൂക്കായുടെ സുവിശേഷത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. അത് ഇപ്രകാരമാണ്;

"നല്ല വൃക്ഷം ചീത്ത ഫലങ്ങൾ പുറപ്പെടുവിക്കുന്നില്ല; ചീത്ത വൃക്ഷം നല്ല ഫലങ്ങളും. ഓരോ വൃക്ഷവും ഫലം കൊണ്ടു തിരിച്ചറിയപ്പെടുന്നു. മുൾച്ചെടിയിൽനിന്ന് അത്തിപ്പഴമോ ഞെരിഞ്ഞിലിൽ നി

ന്നു മുന്തിരിപ്പഴമോ ലഭിക്കുന്നില്ലല്ലോ. നല്ല മനുഷ്യൻ തൻെറ ഹൃദയത്തിലെ നല്ല നിക്ഷേപത്തിൽനിന്നു നൻമ പുറപ്പെടുവിക്കുന്നു. ചീത്ത മനുഷ്യൻ തിൻമയിൽ നിന്നു തിൻമ പുറപ്പെടുവിക്കുന്നു. ഹൃദയത്തിൻെറ നിറവിൽ നിന്നാണല്ലോ അധരം സംസാരിക്കുന്നത്" (ലൂക്കാ 6,43-45).

സമാധാനപ്രിയനും മറ്റുള്ളവർക്ക് ജീവനുണ്ടാകുവാനും അത് സമൃദ്ധമായി പങ്കുവയ്ക്കുവാനും വന്നവൻ തന്റെ രാജ്യമായ ജറുസലേമിലേയ്ക്ക് പ്രവേശനം നടത്തുന്നത് കഴുതപുറത്താണ്. കാരണം, നല്ല വൃക്ഷം നല്ല ഫലങ്ങൾ സമ്മാനിക്കുന്നുവെങ്കിൽ, തന്റെ ജീവിതം കൊണ്ട് ഒരാള് പോലും കണ്ണുനീർ വാർക്കെരുതെന്ന് അവൻ ആഗ്രഹിച്ചിരുന്നു. തന്റെ അധികാരം ഉറപ്പിക്കുന്നതിനുവേണ്ടി ഒരു വ്യക്തിയുടെ രക്തം പ്പോലും ചിന്തപ്പെടരുതെന്ന് അവൻ ആഗ്രഹിച്ചിരുന്നു. അതിനുവേണ്ടി ക്രിസ്തുവാകുന്ന നല്ല മനുഷ്യൻ തൻെറ ഹൃദയത്തിലെ നല്ല നിക്ഷേപത്തിൽനിന്നു നൻമ പുറപ്പെടുവിക്കുന്നു; കഴുതപ്പുറത്ത് ക്രിസ്തു തന്റെ രാജകീയപ്രവേശനം നടത്തുന്നു.

കഴുതപ്പുറത്ത് ഒരു രാജാവ് തന്റെ രാജകീയപ്രവേശനം നടത്തുക! എന്തേ അവൻ തന്റെ രാജകീയ പ്രവേശനത്തിന് കഴുതയേക്കാൾ ശക്തമായ കുതിരയെ തിരഞ്ഞെടുത്തില്ല? ഇതിനുത്തരം തേടണമെങ്കിൽ പഴയനിയമ താളുകളിലൂടെ യാത്ര ചെയ്യാൻ സാധിക്കണം. ക്രിസ്തു വന്നിരിക്കുന്നത് പഴയനിയമ പ്രവചനങ്ങളെ പൂർത്തികരിക്കാനാണ്, അല്ലാതെ, ഇല്ലാതാക്കാനല്ല.

**ഹോസാന എന്ന വാക്കിന്റെ അർത്ഥം ദൈവമേ, ഞങ്ങളെ രക്ഷിക്കണമേ എന്ന്. രക്ഷ ദൈവത്തിന്റെ ദാനമാണെന്ന് തിരിച്ചറിയുക!**

"ദാവീദ് ശപഥം ചെയ്തു: സകല കഷ്ടതകളിലും നിന്ന് എന്നെ രക്ഷിച്ച കർത്താവാണേ, നിൻെറ മകനായ സോളമൻ എനിക്കുശേഷം എൻെറ സിംഹാസനത്തിൽ വാഴുമെന്ന് ഇസ്രായേലിൻെറ ദൈവമായ കർത്താവിൻെറ നാമത്തിൽ നിന്നോടു ഞാൻ സത്യം ചെയ്തിട്ടുള്ളതനുസരിച്ച് ഇന്നു ഞാൻ പ്രവർത്തിക്കും... എൻെറ മകൻ സോളമനെ എൻെറ <u>കോവർകഴുതയുടെ</u> പുറത്ത് ഇരുത്തി, ഗീഹോനിലേക്കു കൊണ്ടുപോകുവിൻ. അവിടെവച്ചു പുരോഹിതൻ സാദോക്കും പ്രവാചകൻ നാഥാനും അവനെ ഇസ്രായേലിൻെറ രാജാവായി അഭിഷേകം ചെയ്യട്ടെ. സോളമൻരാജാവ് നീണാൾ വാഴട്ടെ എന്ന് കാഹളം മുഴക്കി ആർപ്പിടുവിൻ." (1രാജാ 1,29).

ദൈവത്തിന്റെ തിരഞ്ഞെടുക്കപ്പെട്ടിട്ടുള്ള രാജാക്കൻമാർ യാത്ര ചെയ്യേണ്ടത് കഴുതയുടെ പുറത്താണ്. ദൈവത്തോട് വിധേയത്തമുള്ള ദാസർ ദൈവം ആഗ്രഹിക്കുന്ന വാഹനത്തിൽ യാത്ര ചെയ്യണം. ഇത് പഴയനിയമപാരമ്പര്യമാണ്. ക്രിസ്തു വന്നിരിക്കുന്നത് പഴയനിയമത്തെ പൂർത്തീകരിക്കാനാണ്; അല്ലാതെ, ഇല്ലാതാക്കാനല്ല. അങ്ങനെയെങ്കിൽ ക്രിസ്തു കഴുതപുറത്ത് തന്റെ രാജകീയപ്രവേശനം ജറുസലേമിലേയ്ക്ക് നടത്തുന്നതിൽ പുതിയ അർത്ഥതലങ്ങൾ കണ്ടെത്താൻ സാധിക്കും. ചുരുക്കത്തിൽ, വചനം സമ്മാനിക്കുന്ന വലിയ ചിന്ത, "പുത്രനായ ക്രിസ്തു തന്റെ ഊണിലും ഉറക്കത്തിലും പിതാവായ ദൈവത്തോട് വിധേയത്വം പുലർത്തുന്നതുപ്പോലെ നമ്മുടെ അനുദിനജീവിതത്തിൽ ദൈവത്തോട് അനുസരണയുള്ളവരായിരിക്കുക!" ഈ അനുസരണം തന്നെ ക്രിസ്തു തന്റെ ശിഷ്യൻമാരിൽ വളർത്തിയെടുത്തിരിക്കുന്നത് ഈ വചനഭാഗം വായിക്കുമ്പോൾ തിരിച്ചറിയാൻ സാധിക്കും.

ക്രിസ്തു തൻെറ രണ്ടു ശിഷ്യൻമാരെ വിളിച്ച് ഇപ്രകാരം നിർ

**ജനത്തിന്റെ ആരവം കൈകളിൽ തത്തികളിക്കുന്ന കുരുത്തോലപോലെയാണ്. ഏറെ മനോഹരമായ കുരുത്തോല കുറച്ച് ദിവസങ്ങൾക്കുളളിൽ ഉണങ്ങി ചുക്കിചുളിഞ്ഞ് പോകും.**

ദേശിച്ചയച്ചു:

"മക്കളെ, നിങ്ങൾ എതിരേ കാണുന്ന ഗ്രാമത്തിലേക്കു പോകുവിൻ. അവിടെ ഒരു കഴുതയെയും അടുത്ത് അതിന്റെ കുട്ടിയെയും കെട്ടിയിരിക്കുന്നത് ഉടനെ നിങ്ങൾ കാണും. അവയെ അഴിച്ച് എന്റെ അടുക്കൽ കൊണ്ടുവരുക. ആരെങ്കിലും നിങ്ങളോട് എന്തെങ്കിലും ചോദിച്ചാൽ, കർത്താവിന് അവയെക്കൊണ്ട് ആവശ്യമുണ്ടെന്നു പറയുക, അവൻ ഉടനെ തന്നെ അവയെ വിട്ടുതരും."

ശിഷ്യൻമാർപോയി കർത്താവ് കൽപിച്ചതുപോലെ ചെയ്തു. അവർ കഴുതയെയും കഴുതക്കുട്ടിയെയും കൊണ്ടുവന്നു. ഗുരു എന്തു പറയുന്നുവോ അതനുസരിക്കുന്ന ശിഷ്യർ! ഇന്ന് നമ്മുക്കില്ലാതെ പോകുന്ന നന്മയും ഇത് തന്നെയാണ്. ക്രിസ്തു പറയുന്നത് കേൾക്കാൻ നമ്മുക്കിഷ്ടമാണ്. പക്ഷെ, ക്രിസ്തു പറയുന്നത് അനുസരിക്കാൻ നമുക്ക് വിമ്മിഷ്ടമാണ്. കാരണം, ക്രിസ്തു പറയുന്ന വചനങ്ങൾക്കനുസരിച്ച് ജീവിക്കുന്നത് ഏറെ ക്ലേശകരമാണ്. ഇത് ക്രിസ്തു ശിഷ്യൻമാർ തന്നെ പറയുകയും പ്രകടിപ്പിക്കുകയും ചെയ്യുന്നുണ്ട്. "ഈ വചനം അനുസരിക്കാൻ ആർക്ക് സാധിക്കും?" എന്നു പറഞ്ഞുകൊണ്ട് അവനെ വിട്ട് പോകുന്നുണ്ട്. ക്രിസ്തുവിന്റെ വചനം 'സുഖിപ്പിക്കുന്ന വചനം' എന്ന തലം വിട്ട് 'സുഖപ്പെടുത്തുന്ന വചനം' എന്ന തലത്തിലേയ്ക്കുയരണമെങ്കിൽ ആ വചനം കേട്ട് അനുസരിക്കുന്ന മക്കളായി മാറ്റപ്പെടണം!

"ദാവീദിന്റെ പുത്രനു ഹോസാനാ! കർത്താവിന്റെ നാമത്തിൽ വരുന്നവൻ അനുഗൃഹീതൻ! ഉന്നതങ്ങളിൽ ഹോസാനാ!" എന്ന് പറഞ്ഞ് തന്നെ അനുഗമിച്ചിരുന്നവരുടെ ഇടയിലൂടെ കടന്നുപ്പോയ കർത്താവ് ജറുസലേം ദേവാലയത്തിനുളളിലേയ്ക്ക് ഒരു 'മാസ് എൻട്രി'യണ് നടത്തുന്നത്. യേശു ദേവാലയത്തിൽ പ്രവേശിച്ച് അവിടെ ക്രയവിക്രയം ചെയ്തുകൊണ്ടിരുന്നവരെയെല്ലാം പുറത്താക്കി. നാണയമാറ്റക്കാരുടെ മേശകളും പ്രാവുവിൽപനക്കാരുടെ ഇരിപ്പിടങ്ങളും അവൻ തട്ടിമറിച്ചിട്ടു. "ഒരു പാലമിട്ടാൽ ഇങ്ങോട്ടും അങ്ങോട്ടും വേണം" എന്നു പറയുന്നവർ ഇതുകാണുമ്പോൾ പറയും കർത്താവ് ചെയ്തത് ശരിയായില്ല. തനിക്ക് ഹോസാന വിളിച്ച് തന്നെ രാജാവാക്കിയവരോട് കർത്താവ് ഒരു കാരണവശലും ഇങ്ങനെ പെരുമാറാൻ പാടില്ല! പക്ഷെ, ഇതിനും കർത്താവിന് മറുപടിയുണ്ട്. പാലമിട്ട് അങ്ങോട്ടും ഇങ്ങോട്ടും കടത്താൻ വന്നവനല്ല ക്രിസ്തു. മറിച്ച്, ദൈവത്തിന്റെ ഭവനം പ്രാർഥനാലയം എന്നു വിളിക്കപ്പെടും എന്ന ബോദ്ധ്യത്തോടെ അന്ധന്മാരെയും മുടന്തൻമാരെയും ക്രിസ്തു ദേവാലയത്തിൽ വച്ച് സുഖപ്പെടുത്തി. ദൈവം വസിക്കുന്ന ആലായം ദേവാലയം അത് സുഖപ്പെടുത്തുന്ന ആലയമായിരിക്കണം!

"ഹോസാന എന്ന വാക്കിന്റെ അർത്ഥം
ദൈവമേ, ഞങ്ങളെ രക്ഷിക്കണമേ...
ഇന്ന് യാണ് **രക്ഷ**!"

**ഫാ. ജോബി മേനോത്ത്**
**+91 944 7777 931**